**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 717** **09-08-2023 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് മീറ്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി.സ്മാർട്ട് മീറ്റർ സംവിധാനം നടപ്പിലാക്കിയാൽ മൊബൈൽ ഫോൺ സേവനങ്ങൾക്ക് സമാനമായി പ്രീപെയ്ഡ്, പോസ്റ്റ് പെയ്ഡ് സംവിധാനങ്ങൾ ഏർപ്പെടുത്താൻ സാധിക്കുമോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | ആർ.ഡി.എസ്.എസ്. പദ്ധതി പ്രകാരം പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ ആണ് സ്ഥാപിക്കുന്നത്. പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതോടുകൂടി ഉപഭോക്താക്കൾക്ക് തങ്ങളുടെ വിശദമായ വൈദ്യുതി ഉപഭോഗ രീതി, സമയം എന്നിവ ലഭ്യമാകുന്നു. ഇപ്പോൾ മാസത്തിൽ ഒരിക്കലോ, രണ്ടു മാസത്തിൽ ഒരിക്കലോ റീഡിങ് എടുത്ത് കണക്കാക്കുന്ന ഉപഭോക്താക്കളുടെ ബില്ലിംഗ്, മുൻകൂർ പണമടച്ച് ഉപഭോക്താക്കളുടെ സൗകര്യ പ്രകാരം മാറ്റാം. വൈദ്യുതി തടസ്സങ്ങൾ തൽസമയം തന്നെ സ്മാർട്ട് മീറ്റർ വഴി അറിയാൻ പറ്റുന്നത് കൊണ്ട് വൈദ്യുതി പുനഃസ്ഥാപനത്തിനുള്ള നടപടികൾ വേഗം കൈക്കൊള്ളാൻ കെ.എസ്.ഇ.ബി.എൽ നു കഴിയും. |
| (ബി) | അടച്ചിട്ടിരിക്കുന്ന വീടുകൾക്ക് മിനിമം ചാർജ് ഈടാക്കുന്ന സംവിധാനം കെ.എസ്.ഇ.ബി. നിലവിൽ തുടരുന്നുണ്ടോ; സ്മാർട്ട് മീറ്റർ സ്ഥാപിക്കുമ്പോൾ ഇപ്രകാരം ചാർജ് ഈടാക്കുന്നത് ഒഴിവാക്കാൻ സാധിക്കുമോ; വിശദാംശം നൽകുമോ? | (ബി) | അടച്ചിട്ടിരിക്കുന്ന വീടുകൾക്ക് നിലവിലുള്ള താരിഫ് ഘടന അനുസരിച്ച് ചാർജ്ജ് ഈടാക്കുന്നുണ്ട്. പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ സ്ഥാപിച്ചാലും അടച്ചിട്ടിരിക്കുന്ന വീടുകൾക്ക് താരിഫ് ഘടന അനുസരിച്ചുള്ള ചാർജ്ജുകൾ ഈടാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ